# മദ്രാസ് പത്രികയും പാരിജാതവും ഡിജിറ്റൽ 'ഗ്രന്ഥപ്പുര'യിലേക്ക്

Last Updated: 25 April 2025, 12:27 PM IST

2 min

മദ്രാസ് യൂണിവേഴ്സിറ്റി ആർക്കൈവ്

**ചെന്നൈ:** മദ്രാസ് സർവകലാശാലാ ലൈബ്രറിയിലെ കേരള ബന്ധമുള്ള രേഖകൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതിക്ക് ഇൻഡിക് ഡിജിറ്റൽ ആർക്കൈവ് ഫൗണ്ടേഷന്റെ ഗ്രന്ഥപ്പുര സംരംഭവും മദ്രാസ് സർവകലാശാലാ മലയാളവിഭാഗവും ചേർന്ന് തുടക്കം കുറിച്ചു. 1945-ൽ പ്രസിദ്ധീകരിച്ചിരുന്ന മദ്രാസ് പത്രികയുടെയും 1949-ലെ പാരിജാതം മാസികയുടെയും ലക്കങ്ങളാണ് ആദ്യദിവസം ഡിജിറ്റൽ രൂപത്തിലേക്കുമാറ്റിയത്.

To advertise here, Contact Us

മദ്രാസ് യൂണിവേഴ്സിറ്റി ലൈബ്രറിയിലെ രണ്ടുകെട്ടിടങ്ങളിലായി സൂക്ഷിച്ചിട്ടുള്ള അഞ്ചു ലക്ഷത്തോളം ഗ്രന്ഥങ്ങളിൽനിന്ന് കേരളവുമായി ബന്ധപ്പെട്ട രേഖകൾ തിരഞ്ഞെടുത്താണ് ഡിജിറ്റൈസ് ചെയ്യുന്നത്. നിലവിൽ ആർക്കും ഉപയോഗപ്പെടുത്താനാവാതെ കിടക്കുന്ന ഈ രേഖകൾ വൈകാതെ ഗ്രന്ഥപ്പുരയുടെ വെബ്സൈറ്റായ https://gpura.org കൂടി സൗജന്യമായി ലഭ്യമാകും.

മദ്രാസ് യൂണിവേഴ്സിറ്റി ആർക്കൈവിൽ കേരളവുമായി ബന്ധപ്പെട്ട ആയിരക്കണക്കിനു രേഖകളുടെ ശേഖരമുണ്ടെന്ന് ഇൻഡിക് ഡിജിറ്റൽ ആർക്കൈവ് ഫൗണ്ടേഷൻ ഡയറക്ടർ ഷിജു അലക്സ് പറഞ്ഞു. കേരള രൂപവത്കരണത്തിനുമുൻപ് മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായിരുന്ന മലബാറുമായി ബന്ധപ്പെട്ട രേഖകളുടെ വലിയ ഒരു ശേഖരംതന്നെ ഇവിടുണ്ട്. ഷിജുവിന്റെ നേതൃത്വത്തിൽ അഞ്ചംഗ സംഘമാണ് രേഖകൾ തിരഞ്ഞെടുത്ത് ഡിജിറ്റൈസ് ചെയ്യുന്നത്. മദ്രാസ് സർവകലാശാല മലയാളവിഭാഗം അധ്യക്ഷൻ പ്രൊഫ. പി.എം. ഗിരീഷ്, മലയാളവിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ഒ.കെ.

സന്തോഷ്, യൂണിവേഴ്സിറ്റി ലൈബ്രേറിയൻ വി.കെ. കാലൈയപ്പൻ എന്നിവരുടെ സാന്നിധ്യത്തിലാണ് വ്യാഴാഴ്ച ഡിജറ്റൈസേഷൻ പ്രവൃത്തി തുടങ്ങിയത്.

മദ്രാസ് യൂണിവേഴ്സിറ്റി ആർക്കൈവ്

കേരളവുമായി ബന്ധപ്പെട്ട എല്ലാത്തരം രേഖകളും ഡിജിറ്റൈസ് ചെയ്ത് ആർക്കും ലഭ്യമാകുന്ന രീതിയിൽ ഓൺലൈനിൽ അടുക്കിവെച്ചു സംരക്ഷിക്കുക എന്നതാണ് ഗ്രന്ഥപ്പുര സംരംഭത്തിന്റെ പ്രവർത്തനോദ്ദേശ്യം. ഇതിനകം 5000- ഓളം കേരളരേഖകളുടെ നാലരലക്ഷത്തിലധികം താളുകൾ ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞു.

Add Mathrubhumi as a trusted source on Google

മദ്രാസ് യൂണിവേഴ്സിറ്റിക്കു പുറമേ, ചെന്നെയിൽ വിവിധസ്ഥാപനങ്ങളിലും വ്യക്തികളുടെ അടുത്തും കേരളരേഖകളുടെ വിവിധ ശേഖരങ്ങൾ ആരാലും ശ്രദ്ധിക്കപ്പെടാതെ കിടപ്പുണ്ടെന്ന് ഷിജു അലക്സ് പറഞ്ഞു.

അവ ഡിജിറ്റൈസ് ചെയ്ത് സംരക്ഷിക്കാനും ഗ്രന്ഥപ്പുര സംരംഭം ഉദ്ദേശിക്കുന്നുണ്ട്. സഹകരിക്കാൻ താത്പര്യമുള്ളവർ ഗ്രന്ഥപ്പുരയുടെ പ്രതിനിധിയെ 8112110112 എന്ന നമ്പറിൽ വിളിക്കുകയോ contact@indicarchive.org എന്ന വിലാസത്തിൽ മെയിലയക്കുകയോ ചെയ്യാവുന്നതാണ്.